" ചിന്ന കണ്ണൻ സെയ്‌വാ തെരിയുമാ
അവൻ സെയ്‌ത ലീലൈ
സൊല്ലി വിട്ടാൽ പുരിയുമാ പുരിയുമാ
ചിന്ന കണ്ണൻ , ചിന്ന കണ്ണൻ "
മധുരതരമായൊരു ഈണം പോലെ കുസൃതി കുടുക്കയായ അമ്പാടി കണ്ണനോട് യശോദ ചോദിക്കുമ്പോൾ, മാതൃത്വത്തിന്‌റെ സ്നേഹ ലാളനയിൽ നമ്മളും പതുക്കെ അലിഞ്ഞു ചേരുന്നു. കൊല്ലത്തു നടന്ന മൂന്നാമത് ടാലന്‌റഡ് ബാങ്കേഴ്‌സ് മീറ്റിൽ നമുക്ക് മുന്നിൽ ചിന്ന കണ്ണനുമായി എത്തിയ ആ നർത്തകി ആകട്ടെ ഈയാഴ്‌ചയിലെ നൂപുര ധ്വനി .

ശ്രീലക്ഷ്മി കെ ആർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
പെരുവന്താനം ശാഖ , ഇടുക്കി

സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന രാമചന്ദ്രൻ നായരുടെയും,വീട്ടമ്മയായ കമലാദേവിയുടെയും രണ്ടു പെൺമക്കളിൽ മൂത്തയാൾ. അനുജത്തി രാജലക്ഷ്മി തൃശൂർ വെറ്റിനറി സർവ്വകലാശാലയിൽ ജോലി ചെയ്യുന്നു.

ബാല്യം അമ്മയുടെ നാടായ കൊട്ടാരക്കരയ്ക്ക് സമീപം ഉള്ള സദാനന്ദപുരത്തെ തറവാട്ടു വീട്ടിൽ. സദാനന്ദപുരം ഗവ ഹൈസ്കൂളിൽ നിന്നും അധ്യാപകനായി വിരമിച്ച മുത്തശ്ശൻ ആയിരുന്നു ബാല്യത്തിൽ ശ്രീലക്ഷ്മിയുടെ ആദ്യ ഗുരുവും, മാതൃകാ പുരുഷനും. മുത്തശ്ശൻ പകർന്ന് നൽകിയ ചൊൽ കഥകളും പാട്ടും കേട്ട് വളർന്ന മനോഹരമായ ബാല്യം. മൂന്നാം തരം വരയുള്ള സ്കൂൾ പഠനം അമ്മയുടെ കുടുംബ വീട്ടിൽ നിന്നായിരുന്നു. പിന്നീട് അച്ഛന്‌റെ നാടായ പുത്തൂരേക്ക് താമസം മാറ്റി. പത്താം തരം വരെ വെണ്ടാർ ശ്രീ വിദ്യാധിരാജാ മെമ്മോറിയൽ മോഡൽ ഹയർ സെക്കന്‌ററി സ്കൂളിൽ. ഹയർ സെക്കണ്ടറി പഠനം ഇളമ്പള്ളൂർ SNSM ഹയർ സെക്കണ്ടറി സ്കൂളിലും. ഊർജ്ജതന്ത്രത്തിൽ ബിരുദ പഠനം കൊട്ടാരക്കര SG കോളേജിലും . അതെ വിഷയത്തിൽ തന്നെ ബിരുദാനന്തര ബിരുദം പന്തളം NSS കോളേജിൽ നിന്നും നല്ല മാർക്കോടെ പൂർത്തിയാക്കി. അദ്ധ്യാപനം ലക്ഷ്യമിട്ട് പത്തനാപുരം Mount Tabor College of Education ൽ BEd പഠനത്തിനിടയ്ക്കാണ് ബാങ്കിൽ ജോലി ലഭിക്കുന്നത് . കൊല്ലത്തെ ബാങ്ക് കോച്ചിങ് രംഗത്തുള്ള TIME , AXIS എന്നീ സ്ഥാപനങ്ങളിൽ ബാങ്ക് കോച്ചിങ് ക്ലാസുകൾ എടുക്കുവാൻ കുറച്ചു നാൾ പോയിരുന്നു. തന്‌റെ വിദ്യാർത്ഥികളിൽ രണ്ടു പേരോടൊത്തു എഴുതിയ പരീക്ഷയിൽ വിജയിയായി 2013 മെയ് 20 നു SBT യുടെ കൊല്ലം സോണൽ ഓഫീസിൽ ഔദ്യോഗിക ജീവിതത്തിനു തുടക്കമിട്ടു. രസകരമായ മറ്റൊരു വസ്തുത, ആ രണ്ടു വിദ്യാർത്ഥികളും ( ഇപ്പൊ സഹപ്രവർത്തകർ എന്ന് സാരം) നമ്മുടെ TB ഗ്രൂപ്പ് അംഗങ്ങൾ ആണെന്നുള്ളത് ആണ്.

ഒരു കൂട്ടു കുടുംബത്തിൽ ബാല്യം ചിലവഴിച്ചതിനാൽ , സഭാ കമ്പം ഒട്ടുമില്ല. ബാല്യം മുതൽ കലയുടെ ലോകം സ്ഥിര പരിചയം . വ്യക്തിഗത ഇനങ്ങളെക്കാൾ കൂടുതലും ഗ്രൂപ്പ് ആയിട്ടുള്ള പരിപാടികളിൽ ആണ് പങ്കെടുത്തിട്ടുള്ളത്. ആറാം തരത്തിൽ പഠിക്കുമ്പോൾ സ്കൂൾ യുവജനോത്സവത്തിലെ പല ഗ്രൂപ്പ് ഇനങ്ങളിലും അംഗമായിരുന്നു. ജില്ലാ തലത്തിൽ തിരുവാതിര കളിയിൽ ശ്രീലക്ഷ്മി കൂടി അംഗമായ ടീം ഒന്നാം സമ്മാനം നേടി കൊണ്ട് കലയുടെ വീഥിയിൽ പതിവ് സാന്നിധ്യമായി. ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ ശ്രീലക്ഷ്മിയുടെ ടീം എട്ടാം ക്‌ളാസ്സിൽ പഠിക്കുമ്പോൾ മാർഗ്ഗം കളിക്ക് രണ്ടാം സ്ഥാനം നേടി. ഒൻപത് , പത്ത് , പന്ത്രണ്ട് ക്‌ളാസ്സുകളിൽ അതേ ഇനത്തിന് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും, അത് വഴി സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പങ്കെടുക്കാനുള്ള അവസരവും ലഭിച്ചു. ഇവയ്ക്കെല്ലാം A ഗ്രേഡോടു കൂടിയാണ് വിജയി ആയത് എന്നുള്ളത് മറ്റൊരു കാര്യം. പതിനൊന്നാം ക്ലാസ്സിൽ ആയിരിക്കെ ശ്രീലക്ഷ്മി കൂടി അംഗമായ ടീം

തിരുവാതിര കളിക്ക് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി, സംസ്ഥാന സ്കൂൾ യുവജനോത്സവത്തിനു പങ്കെടുക്കാൻ അർഹത നേടുകയും ചെയ്തു. പ്ലസ് ടൂവിന് സ്വന്തം ടീമിനെ മാർഗ്ഗം കളി പഠിപ്പിച്ചു കൊണ്ട് പോയി ഒന്നാം സ്ഥാനവും നേടിയെടുത്തു. മാർഗ്ഗം കളിക്ക് സ്വന്തം സ്കൂളിന് അങ്ങനെ ആദ്യമായി സമ്മാനവും വാങ്ങി കൊടുത്ത മിടുക്കി. അത് കൊണ്ടും തീർന്നില്ല. സ്കൂൾ വിട്ടു പോയ ശേഷവും രണ്ടു വർഷം കൂടി അവിടുത്തെ മാർഗ്ഗം കളി ടീമിനെ പരിശീലിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.. അങ്ങനെ ടീമിനെ പരിശീലിപ്പിച്ചപ്പോൾ സ്കൂൾ അധികൃതർ നിർബന്ധമായി തന്ന പ്രതിഫലം ആണ് ജീവിതത്തിൽ ആദ്യമായി ലഭിക്കുന്ന ശമ്പളം (വേണ്ടെന്നു പറഞ്ഞിട്ടും നിർബന്ധമായി സ്കൂൾ അധികൃതർ സ്നേഹപൂർവം നൽകിയത് ).

കലയുടെ ലോകത്തു വിരാജിക്കുമ്പോഴും , പഠനത്തിൽ ഒട്ടും മോശമല്ലായിരുന്നു. മെച്ചപ്പെട്ട മാർക്ക് നേടിയാണ് സ്കൂൾ തലം മുതൽ ബിരുദാനന്ത ബിരുദവും നേടിയത് തന്നെ. നൃത്തത്തിന്റെ ബാല പാഠങ്ങൾ അഭ്യസിച്ചത് UKG യിൽ പഠിക്കുമ്പോൾ ആണ്. സ്കൂളിലെ നൃത്താധ്യാപിക ആയ രാജമ്മ ടീച്ചർ ആയിരുന്നു ആദ്യ ഗുരു. നാല് വർഷത്തോളം ടീച്ചറിന്റെ കീഴിൽ നൃത്തത്തിന്റെ ബാല പാഠങ്ങൾ കരസ്ഥമാക്കി. കരളുറപ്പോടെ പിന്നീട് ഓരോ വേദിയും കയ്യടക്കാൻ അന്നത്തെ പഠനത്തിൽ നിന്നും കിട്ടിയ ഊർജം ആണെന്ന് ശ്രീലക്ഷ്മി പറയുന്നു. കോളേജ് പഠന കാലത്തു മലയാളി മങ്ക മത്സരത്തിൽ കയറി പങ്കെടുത്തു റണ്ണർ അപ്പും ആയി . അത് പക്ഷേ തൊലിക്കട്ടി കൊണ്ടാണെന്നു അൽപ്പം ചമ്മലോടെ ശ്രീലക്ഷ്മി സമ്മതിക്കുന്നു.

നൃത്തം മാത്രമല്ല, നൃത്തേതര മത്സരങ്ങളിലും ശ്രീലക്ഷ്മി മുന്നിൽ തന്നെ ആയിരുന്നു. സ്കൂളിലെ സയൻസ് ക്ലബ്ബിലെ സ്ഥിരം അംഗമായിരുന്നു. ഒൻപതിൽ പഠിക്കുമ്പോൾ ഗണിത ക്വിസിൽ സ്കൂളിൽ ഒന്നാം സ്ഥാനവും സബ് ജില്ലാ തലത്തിൽ മൂന്നാം സ്ഥാനവും നേടി . അതെ വർഷം ജില്ലാ ശാസ്ത്ര പരിചയ മേളയിൽ നിശ്ചല മോഡലിൽ നേടിയ ഒന്നാം സ്ഥാനമാണ് ഇന്നേവരെ കിട്ടിയതിൽ ഏറ്റവും പ്രിയപ്പെട്ടത്. ആ വിജയം സംസ്ഥാന ശാസ്ത്ര പരിചയ മേളയിൽ പങ്കെടുക്കുവാനും അവസരം നൽകി. അതിലേറെ ഊർജ്ജവും. കലാലയ ജീവിതത്തിൽ ഊർജ്ജ - പരിസ്ഥിതി ക്ലബിന്റെ സെക്രട്ടറി പദവും അലങ്കരിച്ചു. KSEB യും, ഊർജ്ജ – പരിസ്ഥിതി സംരക്ഷണ സൊസൈറ്റിയും ചേർന്ന് നടത്തിയ inter college energy conservation project competion നിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

സ്കൂൾ കോളേജ് പഠന കാലത്തു യുവജനോത്സവത്തിന് വേണ്ടി സഹപാഠിനികൾക്കൊപ്പം തിരുവാതിര, മാർഗം കളി എന്നിങ്ങനെ ഗ്രൂപ്പ് സംബന്ധമായ മത്സരങ്ങളിൽ ആണ് കൂടുതലും പങ്കെടുത്തത്. അതിനു ശേഷം പിന്നീട് ക്ലാസ്സിക്കൽ ആയി നൃത്തം കാര്യമായി പഠിക്കുവാൻ കഴിഞ്ഞില്ല.

നൃത്തത്തോടു ശ്രീലക്ഷ്മിക്കു ഉള്ള അഭിനിവേശം കണ്ടറിഞ്ഞു അതിനെ പരിപോഷിപ്പിക്കാൻ ബാങ്കിൽ മുന്നിൽ നിന്നത് SBI യിലെ ശ്രീമതി ഷീബ വർഗീസ് മാഡം ആണ് ( ഇതേ TB കോളത്തിൽ മുമ്പ് അവതരിപ്പിക്കപ്പെട്ട നർത്തകിയായ അതേ ശ്രീമതി ഷീബ പുത്തൻപുരയ്ക്കൽ തന്നെ ) ബാങ്കിലെ NRI ഫെസ്റ്റിലും പിന്നെ മറ്റു ചില ചെറിയ പ്രോഗ്രാമുകളിലും നൃത്തം അവതരിപ്പിച്ചപ്പോൾ, ശാസ്ത്രീയമായി വീണ്ടും പഠിക്കാനും അരങ്ങിൽ അവതരിപ്പിക്കാനുമുള്ള അടക്കാനാവാത്ത അഭിനിവേശം കൊണ്ടെത്തിച്ചത് നൃത്താധ്യാപികയും ബന്ധുവുമായ കലാമണ്ഡലം ശ്രീലക്ഷ്മിയുടെ ശിഷ്യത്വത്തിലേക്ക് . SBT യുടെ കൊല്ലം സോണൽ ഓഫീസിൽ 2013 ൽ തുടങ്ങിയ ഔദ്യോഗിക ജീവിതം പിന്നീട് പുത്തൂർ,ഭരണിക്കാവ് ശാഖയിലേക്ക് നീണ്ടു. ഭരണിക്കാവ് ശാഖയിൽ ജോലി നോക്കവേ ഓഫീസർ ആയി പ്രൊമോട്ട് ചെയ്യപ്പെട്ടു. പ്രൊബേഷൻ പൂർത്തി ആയപ്പോൾ നിയമനം ഇടുക്കി ജില്ലയിലെ തൂക്കുപാലം ശാഖയിൽ സർവീസ് മാനേജർ ആയിട്ടായിരുന്നു. ഇപ്പോൾ

ഇടുക്കി ജില്ലയിലെ തന്നെ പെരുവന്താനന്ത് അസിസ്റ്റൻ്റ് മാനേജർ ആയി ജോലി നോക്കുന്നു.

വിവാഹവും, മാതൃത്വവും, തിരക്ക് പിടിച്ച ഔദ്യോഗിക ജീവിതവും പലരുടെയും കലോപാസനയ്ക്കു വിലങ്ങു തടി ആകുന്നു എന്ന് പരിതപിക്കപ്പെടുമ്പോൾ, സഹധർമ്മിണിയുടെ കലോപസര്യക്ക് പരിപൂർണ്ണ പിന്തുണ നൽകുന്ന , അടൂർ അഗ്നി ശമന സേനയിൽ അംഗമായ പുത്തൂർ സ്വദേശി അഭിഷേക് ആണ് ശ്രീലക്ഷ്മിയുടെ ജീവിത പങ്കാളി. എല്ലാറ്റിനും കട്ടയ്ക്കു കൂടെ നിൽക്കുന്ന പ്രിയതമന്റെ പിന്തുണയാണ് തൻ്റെ നൃത്തത്തോടുള്ള അഭിവാഞ്ജയെ വീണ്ടും പുനരുജ്ജീവിപ്പിക്കാൻ സഹായിച്ചത്. നാലാം ക്ലാസ്സ് വിദ്യാർത്ഥിയായ ദേവസൂര്യയും , ഒന്നാം ക്ലാസ് വിദ്യാർത്ഥിയായ ദേവേശ്വറും ആണ് ഈ ദമ്പതികളുടെ മക്കൾ. ബാല്യം മുതൽ മകളുടെ കൂടെ പിന്തുണയുമായി നിൽക്കുന്ന അമ്മ ഉള്ളത് കൊണ്ടാണ് ശ്രീലക്ഷ്മിക്ക് തൻ്റെ കലാസപര്യ മുന്നോട്ട് കൊണ്ടു് പോകുവാൻ കഴിയുന്നത് എന്നത് മറ്റൊരു കാര്യം.

പല കാരണങ്ങളാൽ തങ്ങളുടെ കഴിവുകൾ വീണ്ടും പുറത്തെടുക്കാൻ കഴിയുന്നില്ലല്ലോ എന്ന് പരിതപിക്കുന്ന മറ്റു സഹോദരിമാർക്ക് ശ്രീലക്ഷ്മി ഒരു മാതൃക ആകട്ടെ. നൃത്തം ഇനിയുമേറെ പഠിക്കാൻ ഉണ്ടെന്നും, ഒരു നൃത്ത വിദ്യാലയം തുടങ്ങി താൻ പഠിച്ചത് മറ്റുള്ളവർക്ക് പകർന്നു നൽകണമെന്നുള്ളതുമാണ് ഭാവിയിലെ കാഴ് ചപ്പാട് എന്ന് ശ്രീലക്ഷ്മി വിനീതമായി പറയുന്നു. കലയുടെ വാനിൽ നൂപുര ധ്വനിയുണർത്തി ഈ എളിയ നർത്തകി ഒരുപാടുയരത്തിൽ എത്തട്ടെ എന്നാശംസിക്കുന്നു . നടനത്തിന്റെ ഭാവി സ്വപ്നങ്ങളും, പ്രതീക്ഷകളും പൂർത്തീകരിക്കാൻ എല്ലാവിധ ഭാവുകങ്ങളും ടാലന്റഡ് ബാങ്കേഴ്സ് നേരുന്നു.

---------------------------------------------------------------------------------------------------

തയ്യാറാക്കിയത് : നവീൻ രമണൻ (Naveen Remanan), ബാങ്ക് ഓഫ് ഇന്ത്യ, സോണൽ ഓഫീസ്, തിരുവനന്തപുരം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

---------------------------------------------------------------------------------------------------

"Chinna Kannan Seivaa Teriyuma
Avan Seitha Leelai Solli vittaal,
Puriyumaa puriyumaa
Chinna Kannan, Chinna Kannan”

When Yashoda asks this to Baby Lord Krishna euphoniously, we too are taken along apace to a magical realm,with our hearts resonating and swaying along with the subtleties of her maternal instincts.

Let us have the privilege to make you go back for a while to the venue of the third TB meet held at Kollam where a dancer left us spellbound with her entrancing perfomance par excellence.

Sreelakshmi K.R
State Bank of India,
Peruvanthanam Branch,
Idukki.

Sreelakshmi is the eldest of the two daughters of Shri Ramachandran Nair, who worked with a private firm, and Kamaladevi, a housewife. Her younger sister Rajalakshmi works in Thrissur Veterinary University.

Sreelakshmi was raised in Sadanandapuram near Kottarakkara,her mother's native, where she had her schooling till third grade. Her first guru and role model was her grandfather, a former teacher at Govt High School,

Sadanandapuram.Thanks to listening to his songs and story telling, she had a special upbringing.After her third grade,she moved to her father's native, Puthur and had her schooling at Shri Vidyadhiraja school in Vendaar upto tenth grade.

Following her Higher Secondary education at SNSM Higher Secondary School at Ilampallur, she earned a graduation in Physics from SG College,Kottarakkara and post graduation in the same subject from NSS College, Pandalam.

She was hired by the bank while pursuing BEd at Mount Tabor College of Education, Pathanapuram. She used to tutor banking aspirants at Time and AXIS institutes in Kollam.She started her career at the Zonal Office of SBT in Kollam on 20th May 2013 having taken the exam and gotten through it alongside two of her students who are now members of our TB Group.

Given her childhood being spent in a joint family,she had no stage fear and incessantly had exposure to the domain of art, growing up.She used to partake in several group events at youth festival while studying in sixth grade.Her team won in the Thiruvathira competition held at district level and art became a way of life for her thenceforth. Sreelakshmi's team secured the second place in the Maargam Kali competition in the youth festival held at district level when she was in eighth grade and while in her ninth, tenth and twelfth classes,the team won first position at district level and thereby participated in the State School Youth Festival securing A grade. While in the 11th standard, the team won first place in Thiruvathira competition at district level.

While doing her Plus Two ,she taught her own team Maargam Kali and they won first place.She continued teaching the team at school even after leaving there.The first monetary reward she ever got was from the authorities at school which she humbly turned down first but received later , they being so particular about she accepting the sum as a token of love for her.

Though Sreelakshmi was furthering the artist in her to higher echelons,she excelled at studies as well since her school days till completion of Post Graduation.She started learning dance under the tutelage of Rajamma Teacher when she was studying in UKG and continued it for four years in a row.

Sreelakshmi says it instilled in her ample mental strength making every stage give in before her steadfast confidence. She participated in Malayali manka competition and became the runner up. Sreelakshmi says jocularly that being thick skinned made her achieve the feat.

Sreelakshmi excelled not only in dance but also in non-dance competitions.She was a member of the school's science club. While studying in ninth grade, she won the first position at school level and third position at sub-district level in math quiz. In the same year, the first place she won in still model competition at the District Science Fair is what she values the most till date. Her success gave her the opportunity to participate in the State Science Fair.

Sreelakshmi held the post of secretary of Energy and Environment Club at her college.She participated in the inter-college energy conservation project competition organized by KSEB in association with Energy-Environment Conservation Society and stood second. During her school and college days, she mostly used to participate in group competitions like Thiruvathira and Maargam Kali along with co-students.
Thereafter she could not learn classical dance much.

Ms Sheeba Varghese of SBI(who has already been introduced through our column as a talented banker) took cognizance of Sreelakshmi's passion for dance and encouraged her in nurturing her talent.Sreelakshmi used to perform at the bank’s NRI fest and other events which further ignited her yearning to learn classical dance and she began taking lessons under Kalamandalam Sreelakshmi,a relative of her’s.

Her career which started in Zonal office,Kollam of SBT in 2013.She later got transferred to Puthur and Bharanikavu branches. While working in Bharanikavu Branch, she got promoted to Officer cadre. On completion of probation,

she was posted as Service Manager at Thookkupalam branch in Idukki district. Presently she is working as assistant manager in Peruvanthanam in Idukki district.

Though motherhood and hectic work schedule are often referred to as impeding factors in the furtherance of arts in common parlance, Sreelakshmi's life partner,Abhishek, a resident of Puthur, who is working with Fire and Rescue services in Adoor extends his wholehearted support to her which helps her in reliving her art once it shows signs of waning.

They have two children-Devasurya, a fourth grade student, and Deveshwar, a grade I student.Sreelakshmi's mom is also a relentless impetus of encouragement,being with her encouraging all her artistic endeavours.
Sreelakshmi humbly opines that she wants to pursue dance further and wants her dream to start a dance school come true thereby imparting what she has learnt to others. May this multifariously talented banker reach great heights in the realm of art.Talented bankers wishes the best to happen to Ms Sreelakshmi and her family.